**പൊതു നിർദ്ദേശങ്ങൾ**

- ആരോഗ്യ കായിക വിദ്യാഭ്യാസം, കലാ വിദ്യാഭ്യാസം, പ്രവൃത്തി പഠനം എന്നീ വിഷയങ്ങളെ 3 വിഭാഗങ്ങളായിട്ടാണ് ചോദ്യപേപ്പറിൽ ക്രമീകരിച്ചിട്ടുള്ളത്.
- ഓരോ വിഭാഗത്തിനും 15 സ്കോർ വീതം. സമാശ്വാസ സമയമായ 15 മിനിട്ടും, എഴുത്തു പരീക്ഷയ്ക്കുള്ള 2 മണിക്കൂർ സമയവും കൂട്ടിച്ചേർത്ത് പരീക്ഷ ആരംഭത്തിൽ തന്നെ ഉത്തരങ്ങൾ എഴുതി തുടങ്ങാവുന്നതാണ്.
- മൂന്ന് വിഭാഗത്തിന്റേയും ഉത്തരങ്ങൾ പ്രത്യേകം പേപ്പറിൽ എഴുതി നൽകേണ്ടതാണ്. അവയിൽ എല്ലാം വിഷയം, പേര്, ക്ലാസ്, റോൾ നമ്പർ എന്നീ വിവരങ്ങൾ രേഖപ്പെടുത്തണം.

---

## ആരോഗ്യ കായിക വിദ്യാഭ്യാസം

**സമയം: 40 മിനിട്ട്**
**സ്കോർ: 15**

**1 മുതൽ 4 വരെയുള്ള ചോദ്യങ്ങൾക്ക് 1 മാർക്ക് വീതം ആകെ 4 മാർക്ക്. (4 X 1 = 4)**

1. ഓക്സിജനെ ശരീരത്തിന്റെ വിവിധ ഭാഗങ്ങളിൽ എത്തിക്കുന്ന രക്തത്തിലെ ഘടകം ഏത് ?
   (ജലം, ഹീമോഗ്ലോബിൻ, വിറ്റാമിൻ, ധാതുക്കൾ )
2. പുകവലിക്കുമ്പോൾ രക്തത്തിലെ ഓക്സിജന്റെ സഞ്ചാരത്തിന് തടസ്സം നിൽക്കുന്ന വാതകം ഏത് ?
   (ഹൈഡ്രജൻ, നൈട്രജൻ, കാർബൺമോണോക്സൈഡ്, കാർബൺഡൈ ഓക്സൈഡ്)
3. താഴെ കൊടുത്തവയിൽ ഒരു വ്യക്തിയുടെ ആരോഗ്യസംരക്ഷണത്തിന് നിർബന്ധമായും ശീലിക്കേണ്ടത് എന്ത് ?
   (മരുന്ന്, വ്യായാമം, അമിത ഭക്ഷണം, അമിത ജോലി ഭാരം )
4. താഴെ കൊടുത്തവയിൽ നിന്നും കളികളിലൂടെ ലഭിക്കുന്ന പ്രധാനപ്പെട്ട ജീവിത മൂല്യം തെരഞ്ഞെടുത്തെഴുതുക?
   (അപകർഷതാബോധം, സാമൂഹികബോധം, നിസ്സഹകരണം, ഭയം )

**5 മുതൽ 9 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. ഒരു ശരിയുത്തരത്തിന് 2 സ്കോർ വീതം ആകെ 8 സ്കോർ. (4 X 2 = 8)**

5. കമ്പ്യൂട്ടർ,മൊബൈൽ ഫോൺ എന്നിവ ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട നാല് കാര്യങ്ങൾ എന്തെല്ലാം?
6. വിവിധ കളികളിൽ ഏർപ്പെടുമ്പോൾ നമുക്ക് ലഭിക്കുന്ന ജീവിത മൂല്യങ്ങൾ എന്തെല്ലാം?
7. 'ആരോഗ്യപരമായ ജീവിതശൈലി 'എന്ന പാഠഭാഗത്തിൽ കിം ക്ലിസ്റ്റേഴ്സ് എന്ന കായിക താരത്തിന്റെ നേട്ടങ്ങളെപ്പറ്റി മനസ്സിലാക്കിയല്ലോ - താരത്തെ അതിന് പ്രാപ്തമാക്കിയ ജീവിതരീതികൾ എന്തെല്ലാമായിരുന്നു ?


8. പുകയിലയിൽ അടങ്ങിയിട്ടുള്ള നാല് വിഷാംശങ്ങളുടെ പേരെഴുതുക.

9. ആരോഗ്യ പൂർണമായ പ്രായമേറലിന് (Healthy Ageing) തടസ്സം സൃഷ്ടിക്കുന്ന ജീവിതരീതികൾ ഏതെല്ലാം ?

**10 , 11 ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക. ശരിയുത്തരത്തിന് 3 സ്കോർ.** (1 X 3 = 3)

10. പ്രായമേറൽ (Ageing), ആരോഗ്യപൂർണമായ പ്രായമേറൽ (Healthy Ageing) ഇവ എന്താണെന്നു വിവരിക്കുക ? ആരോഗ്യപൂർണമായ പ്രായമേറലിനാവശ്യമായ ജീവിതരീതികളും പിന്തുടരാൻ പാടില്ലാത്ത ജീവിതരീതികളും പട്ടിക തിരിച്ചെഴുതുക.

11. താഴെ കൊടുത്തവയിൽ നിന്നും പുകവലി, മദ്യപാനം എന്നിവ മൂലം തകരാറിലാകുന്ന അവയവങ്ങൾ തിരിച്ചറിഞ്ഞ് ഉത്തര കടലാസിൽ എഴുതുക.




A.........................

B.........................

C.........................

D.........................

E.........................

F.........................

---

## കലാഭിദ്യാഭ്യാസം

സമയം: 40 മിനിട്ട്
സ്കോർ: 15

**1 മുതൽ 4 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. ശരിയുത്തരത്തിന് ഒരു സ്കോർ വീതം.** (4 X 1 = 4)

1. വിവിധ ഈണങ്ങൾ നമുക്ക് പരിചിതമാണ്. ഈണം ജനിക്കുന്നത് സംഗീതത്തിന്റെ ഏത് അംശത്തിൽ നിന്നാണ്.?

2 ജിമ്പ് ഉപയോഗിച്ച് വരയ്ക്കുന്ന അസ്തമയത്തിന്റെ ചിത്രത്തിൽ പശ്ചാത്തലം ചുവപ്പിൽ നിന്നും മഞ്ഞയിലേക്ക് ലയിപ്പിച്ചു ചേർക്കേണ്ടതുണ്ട്. ഇതിന് യോജിച്ച ടൂൾ നിർദ്ദേശിക്കാമോ ?

3. നാടകം ഒരു ...................... കലയാണ് ?

4. ശാസ്ത്രീയ നൃത്തങ്ങൾക്ക് ഉപയോഗിക്കുന്ന പതിഞ്ഞ കാലത്തിൽ ചിട്ടപ്പെടുത്തിയ സംഗീത രൂപം ഏത്?

**സംഗീതം, ചിത്രകല, നൃത്തം, നാടകം എന്നീ മേഖലകളിൽ നിന്നാണ് 5 മുതൽ 12 വരെയുള്ള ചോദ്യങ്ങൾ. ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 3 സ്കോർ വീതം.** (2 X 3 = 6)

5. പലതരം പാട്ടുകൾ നാം കേൾക്കുന്നുണ്ട്. പാട്ടിനെ വ്യത്യസ്തമാക്കുന്ന ഘടകങ്ങൾ എന്തെല്ലാം?

6. ചിത്രം വരച്ച് നിറം നൽകാൻ നാം എന്തൊക്കെയാണ് ഉപയോഗിക്കുന്നത്. ഏതെങ്കിലും മൂന്നെണ്ണം എഴുതുക.

7. നാടകത്തെ അടിസ്ഥാനമാക്കി സ്ക്രിപ്റ്റ്, കൊറിയോഗ്രാഫി, കോസ്റ്റ്യൂം ഡിസൈൻ, ലൈറ്റിംഗ് , സൗണ്ട് ഡിസൈൻ എന്നിവയുടെ ധർമ്മമെന്ത്? ഏതെങ്കിലും മൂന്നെണ്ണം എഴുതുക

8. നൃത്തത്തിലെ മൂന്ന് അംഗങ്ങൾ ഏതെല്ലാം?

9. കർണ്ണാടക സംഗീതത്തിൽ ഗീതങ്ങളെ കൂടാതെ മൂന്നെണ്ണത്തിന്റെ പേരെഴുതുക?

10. അനന്തുവിന് അജന്ത ഗുഹാചിത്രങ്ങൾ നേരിൽ കാണണമെന്നുണ്ട്. ഇതിനായി ഏത് സ്ഥലത്തേക്കാണ് അവൻ പോകേണ്ടത് ? അജന്തയിലെ ചിത്രങ്ങളെക്കുറിച്ച് നിങ്ങൾക്കറിയാവുന്ന രണ്ട് വിവരങ്ങൾ കുറിക്കുക.

11. തെരക്കു പിടിച്ച ഒരു റെയിൽവേ സ്റ്റേഷൻ രംഗത്ത് അവതരിപ്പിക്കുമ്പോൾ എന്തെല്ലാം ഒരുക്കങ്ങൾ നടത്തണം.

12. മൂന്ന് ശാസ്ത്രീയ നൃത്ത രൂപങ്ങളുടെ പേരെഴുതുക.

**13 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതുക. ശരിയുത്തരത്തിന് 5 സ്കോർ. (1 X 5 = 5)**

13. രാഗത്തെ കുറിച്ച് ഒരു ലഘു വിവരണം തയ്യാറാക്കുക.

14. ഇന്ത്യയിലെ അതി പ്രശസ്ത ചിത്രകാരൻ ജാമിനി റോയിയുടെ ജീവചരിത്ര കുറിപ്പിൽ നിന്ന് തനത് ഇന്ത്യൻ കലയുടെ പ്രത്യേകതകൾ കണ്ടെത്തി കുറിക്കുക.

**ജാമിനി റോയ് - ഇന്ത്യൻ ചിത്രകലയിലെ നാടോടി തനിമ**

തനത് കലയ്ക്ക് പുകൾ പെറ്റ വടക്കൻ ബംഗാളിലെ ബാങ്കുറ ജില്ലയിലെ ബെലിയത്തൂർ ഗ്രാമത്തിൽ 1887 ൽ ആണ് ജാമിനിറോയ് ജനിച്ചത്. പത്‌വാ എന്നറിയപ്പെടുന്ന നാടോടികലാകാരൻമാർക്കൊപ്പമാണ് ജാമിനിറോയ് ജീവിച്ചത്. ആ കലാകാരൻമാർ വരച്ച ചിത്രങ്ങളും അവർ ഉപയോഗിച്ച വർണ്ണങ്ങളും അവനെ ആകർഷിച്ചു. ഒരു ചിത്രകാരനാവാൻ അവൻ ആഗ്രഹിച്ചു. പതിനാറാം വയസ്സിൽ ജാമിനിറോയ് ചിത്രകല പഠിക്കാൻ കൽക്കത്തയ്ക്കു പോയി. പാശ്ചാത്യ രീതിയിലുള്ള കലാ പഠന രീതിയിൽ പരിശീലനം നേടി.(തനതും മൗലികവുമായ ഒരു രചനാ രീതി ആവിഷ്കരിക്കുന്നതിനുള്ള അന്വേഷണത്തിനൊടുവിൽ പത്‌വാ രചനാ സമ്പ്രദായത്തിന്റെ ലളിതവും ശക്തവുമായ രേഖകളുടെ പ്രത്യേകത അദ്ദേഹം ശ്രദ്ധിച്ചു. തന്റെ ഗ്രാമത്തിൽ പത്‌വാ കലാകാരൻമാരോടൊപ്പമിരുന്ന് അവരുടെ രചനാ രീതി പഠിച്ചു.(വിലപിടിപ്പുള്ള യൂറോപ്യൻ ചായങ്ങൾക്കു പകരം നാടോടികളുപയോഗിക്കുന്ന പ്രകൃതിജന്യ ചായക്കൂട്ടുകളുപയോഗിച്ചു തുടങ്ങി. മണ്ണിൽ നിന്നും പച്ചക്കറികളിൽ നിന്നും വിളക്ക് കരിയിൽ നിന്നും ചോക്കു പൊടിയിൽ നിന്നും ഇലകളിൽ നിന്നുമെടുക്കുന്ന വർണ്ണങ്ങൾ. ക്യാൻവാസിനു പകരം തുണിയിലും തടിയിലും കുമ്മായം തേച്ച പായകളിലും അദ്ദേഹം വരച്ചുവച്ചു. ജാമിനിറോയ് ഈ ശൈലിയെ ഫ്ളാറ്റ് ടെക്നിക് എന്നു വിളിച്ചു.)

15. മോഷണ കേസിൽ പിടിക്കപ്പെട്ട പ്രതിയും പോലീസ് ഉദ്യോഗസ്ഥനും തമ്മിലുള്ള സംഭാഷണം നാടകരൂപമാക്കുകയാണെങ്കിൽ ആവശ്യമായ 5 സംഭാഷണങ്ങൾ എഴുതുക.

16. ഒരു ഗാനത്തിന് നൃത്താവിഷ്കാരം നൽകാൻ എന്തൊക്കെ മുന്നൊരുക്കങ്ങളാണ് നടത്തേണ്ടത് ? അഞ്ചെണ്ണം എഴുതുക.

---

## പ്രവൃത്തിപരിചയം

സമയം: 40 മിനിട്ട്
സ്കോർ: 15

**1 മുതൽ 3 വരെ ചോദ്യങ്ങൾക്ക് ബ്രാക്കറ്റിൽ നിന്ന് ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക. ഓരോന്നിനും ഒരു സ്കോർ വീതം സ്കോർ (3 X 1 = 3 )**

1. ജാം, അച്ചാർ തുടങ്ങിയവ നിർമ്മിച്ച് സൂക്ഷിക്കുമ്പോൾ കേടാകുന്നതിന് കാരണമാകുന്ന ഒരു ഘടകം?
(ഉപ്പ്, പഞ്ചസാര, വെള്ളം, തേൻ)

2. വിത്തുകൾ വേഗം മുളപ്പിക്കുന്നതിനുള്ള മാർഗ്ഗം ഏത്?
(ഉണക്കുക, മൂടിവെക്കുക, കുതിർക്കുക, ചതയ്ക്കുക)

3. വൈദ്യുതോർജത്തെ ശബ്ദോർജമാക്കി മാറ്റുന്ന ഉപകരണം ഏത്?
(ബൾബ്, മോട്ടോർ ,ലൗഡ് സ്പീക്കർ ,റെഫ്രിജറേറ്റർ)

**4 മുതൽ 8 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരം എഴുതുക. രണ്ടു സ്കോർ** **(4 X 2 = 8)**

4. ഉപയോഗ ശൂന്യമെന്ന് കരുതുന്ന വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിക്കാവുന്ന ഏതെങ്കിലും രണ്ട് അലങ്കാര വസ്തുക്കളുടെ പേര് എഴുതുക ?
5. ഓഫീസ് ഫയൽ നിർമ്മാണത്തിനാവശ്യമായ രണ്ട് അസംസ്കൃത വസ്തുക്കളുടെ പേര് എഴുതുക?
6. രണ്ട് ആധുനിക കൃഷിരീതികളുടെ പേര് എഴുതക?
7. ചുവടെ കൊടുത്തിരിക്കുന്ന വസ്തുക്കളിൽ നിന്ന് ജൈവ മാലിന്യം, അജൈവ മാലിന്യം എന്നിവ തരം തിരിച്ചെഴുതുക?
(പ്ലാസ്റ്റിക് പാത്രങ്ങൾ, ഗ്ലാസ്സ് ഉൽപന്നങ്ങൾ, പച്ചക്കറി അവശിഷ്ടങ്ങൾ, മരക്കഷണങ്ങൾ )
8. ചിരട്ട കൊണ്ടുള്ള ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ സാധന സാമഗ്രികൾ ഏവ?

**9 ,10 ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതുക. നാല് സ്കോർ**

**(1 X 4 = 4)**

9. പപ്പറ്റുകളും ഡോളുകളും പാവകളാണ് എന്നാൽ അവ തമ്മിലുള്ള വ്യത്യാസം എന്തെല്ലാമാണ്?
10. ഗ്രാമോത്സവത്തിൽ മികച്ച ജൈവകർഷകനുള്ള അവാർഡ് നേടിയ വ്യക്തിയുമായി അഭിമുഖം നടത്തുന്നതിനുള്ള നാല് ചോദ്യങ്ങൾ എഴുതുക ?